**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2756** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഇടമലക്കുടിയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ഇടമലക്കുടിയുടെ വികസനത്തിനായി നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും ഇതിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള തടസം പരിഹരിക്കുന്നതിനായി വനം വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ തടസ്സം ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | വിശദാംശം |
|---|---|---|
| 1 | പെട്ടിമുടി-ഇഡലിപ്പാറ റോഡ് നിർമ്മാണം | ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള 7.2 കി.മി റോഡ് നിർമ്മിക്കുന്നതിനായി 13.70 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 12.43 കോടിരൂപ ഇടുക്കി പൊതുമരാമത്ത് വകുപ്പ് (റോഡ് വിഭാഗം) എക്സി.എഞ്ചിനീയർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. അതനുസരിച്ച് പൊതുമരാമത്ത് വകുപ്പ് സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2 | ഇടമലക്കുടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ കണക്ടിവിറ്റി | ഇടമലക്കുടിയിൽ മൊബൈൽ /ഇന്റർനെറ്റ് കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിനായി 4,30,74,727/-രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള ജോലികൾ ബി.എസ്.എൻ.എൽ ആരംഭിച്ചിട്ടുള്ളതും ജോലികൾ പുരോഗമിച്ചു വരുന്നതുമാണ്. |
| 3 | വനാവകാശ നിയമം നടപ്പിലാക്കൽ | ഇടമലക്കുടിയിലെ പട്ടികവർഗ്ഗക്കാരുടെ ഭൂമിക്ക് വനാവകാശരേഖ നൽകുന്നതിനായുള്ള സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു. |
| 4 | കുടിവെള്ളം എത്തിക്കൽ ജൽ ജീവൻ മിഷൻ | ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ 806 വീടുകൾക്ക് മീറ്റർ ഘടിപ്പിച്ച് കുടിവെള്ളം എത്തിക്കുന്നതിന് 39.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണെന്ന് വാട്ടർ അതോററ്റി അറിയിച്ചിട്ടുണ്ട്. |
| 5 | ആരോഗ്യപ്രവർത്തനം | ഷെഡുകുടിയിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിൽ പി.എച്ച്.സി യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ സേവനം നിലവിൽ ലഭ്യമാണ്. |
| 6 | വിദ്യാഭ്യാസം | ഇടമലക്കുടി ഗവ.എൽ.പി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ലഭ്യമായ സി.എസ്.ആർ ഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി വിദ്യാഭ്യാസവകുപ്പ് യൂസർ ഏജൻസിയായി |

| | | |
|---|---|---|
| | | വനംവകുപ്പിന് വനാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ തുടർ നടപടികൾ വിദ്യാഭ്യാസവകുപ്പ് മുഖേന സ്വീകരിച്ച് വരുകയും ചെയ്യുന്നു. കൂടാതെ എൽ.പി സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി സ്കൂളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| 7 | ഏലം ഡ്രയർ സ്ഥാപിക്കൽ | ഇടമലക്കുടിയിലെ ഏലം കൃഷിക്കാർക്കായി നെടുംകണ്ടം ഐ.സി.ആർ.ഐയുടെ ആഭിമുഖ്യത്തിൽ പരിശീലനവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് ഏലം ഡ്രയറും വിതരണം ചെയ്യുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിലഭ്യമായിട്ടുണ്ട്. ആയതിന്റെ തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| 8 | വൈദ്യുതി എത്തിക്കൽ | ഇടമലക്കുടിയിൽ വൈദ്യുതി എത്തിക്കുവാൻ അനുമതി ലഭിക്കുകയും തുക കൈമാറുകയും ചെയ്തു 5 കുടികളിലെ നിർമ്മാണ ജോലികൾ കെ.എസ്.ഇ.ബി ഉടൻ ആരംഭിക്കുന്നതാണ്. |
| 9 | ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് | ഇടമലക്കുടിയിലെ വിദ്യാർത്ഥികൾക്കായി 2 ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് ഗ്രാമപഞ്ചായത്തിനോട് അഭ്യർത്ഥിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് സ്ഥലം കണ്ടെത്തി നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 10 | ഗോഡൗൺ നിർമ്മാണം | ഇടമലക്കുടി നിവാസികൾക്ക് ഭക്ഷ്യസാധനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ഒരു ഗോഡൗൺ നിർമ്മിക്കുന്നതിനായി ദേവികുളം താലൂക്ക് സപ്ലൈ ഓഫീസർ 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. ഇത് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ